<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1715</u>  <u>08/6/2018-ൽ മറുപടിയ്ക്ക്</u>

## <u>ചിറ്റാറ്റുകര സെന്റ് സെബാസ്റ്റ്യൻ സ്കൂളിന് ടോയ് ലറ്റ്</u>

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്) പദ്ധതി പ്രകാരം എയ്ഡഡ് സ്കൂളുകൾക്ക് ടോയ് ലറ്റ് നിർമ്മിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആരായിരിക്കണം എന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | എ) | സർക്കാരിന്റെ 15.03.2013 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 97/13/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം MPLAD Scheme MLASDF Scheme തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ അസി. എഞ്ചിനീയറുടെ തസ്തികകൾ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളിലും സൃഷ്ടിച്ച് കൊണ്ടു ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | മണലൂർ എം.എൽ.എ യുടെ ശിപാർശ പ്രകാരം ചിറ്റാറ്റുകര സെന്റ് സെബാസ്റ്റ്യൻ സ്കൂളിന് ടോയ് ലറ്റ് നിർമ്മാണത്തിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായി തൃശ്ശൂർ ജില്ലാ കളക്ടർ എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും പ്രവൃത്തി ഏറ്റെടുക്കാതെ പ്രസ്തുത ചുമതലയിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് സെക്രട്ടറി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാനുണ്ടായ സാഹചര്യം പരിശോധിച്ച് അറിയിക്കാമോ; | (ബി) | ബഹു: മണലൂർ എം.എൽ.എ. ശ്രീ.മുരളി പെരുനെല്ലിയുടെ നിർദ്ദേശ പ്രകാരം FN/10-47012/2017/MNLR ആയി 11/2016 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നു. മേൽ ഉത്തരവ് ലഭിച്ച മുറക്ക് നിർമ്മാണ പ്രവൃത്തിയിൽ വേണ്ട വൈദഗ്ധ്യമില്ലാത്തതിനാൽ സർക്കാരിന്റെ 15.03.2013 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 97/13/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർവ്വഹണ ചുമതല മാറ്റി നൽകുന്ന നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിച്ചു ആയതു പ്രകാരം 07.12.2017 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ 14-ാം നമ്പറായി സെക്രട്ടറിയുടെ നിർവ്വഹണ ചുമതല |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിന് അഭ്യർത്ഥിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. മേൽ തീരുമാനം മേലെഴുത്ത് സഹിതം 25/01/2018-ൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ സെക്രട്ടറി സമർപ്പിച്ചിരുന്നു. തുടർന്ന് നമ്പർ DCTSR/13/5718/ FN10 ആയി 25.05.2018 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം നിർവ്വഹണ ചുമതല മണലൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറ്റി ഉത്തരവായിട്ടുണ്ട്. |
| (സി) | നിർവ്വഹണ ഉദ്യോഗസ്ഥരെ മാറ്റിക്കൊണ്ടിരിക്കുന്നത് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിയുമായി ബന്ധപ്പെട്ട് വൈദഗ്ധ്യം ഉള്ള വരെ നിശ്ചയിക്കുന്നത്തിനായി ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകുന്നതാണ് |

**സെക്ഷൻ ഓഫീസർ**